ഉത്തരം

(എ) കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഇത്തരം കുറ്റകൃത്യങ്ങളിൽ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സാമൂഹ്യവിരുദ്ധർ കേന്ദ്രീകരിക്കാവുന്ന സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ഊർജ്ജിതമാക്കിയും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും ഡേ ബീറ്റ്, നൈറ്റ് ബീറ്റ് എന്നിവ ശക്തമാക്കിയും മുൻകരുതൽ, അറസ്റ്റ്, നല്ല നടപ്പ് (സി.ആർ.പി.സി. 107, 110) തുടങ്ങിയ നിയമാനുസൃതമായ പ്രതിരോധ നടപടികൾ സ്വീകരിച്ചും വരുന്നു. സ്ഥിരം മോഷ്ടാക്കളെയും സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും നിരീക്ഷിച്ചു വരുന്നുണ്ട്.

(സി) ഇല്ല.

(ഡി) അന്യസംസ്ഥാനത്തുള്ള സ്ഥിരം കുറ്റവാളികളുടെ വാസസ്ഥലങ്ങളിലും അവർ ചെന്ന് കയറുവാൻ ഇടയുള്ള സ്ഥലങ്ങളിലും മറ്റു പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തര അന്വേഷണം നടത്തി വരുന്നുണ്ട്.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംസ്ഥാനത്ത് നടന്ന ആർ.എസ്.എസ്. സംഘട്ടനങ്ങൾ

66 [67] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ആർ.എസ്.എസ്. സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്ര പേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്;

(ഇ) ആർ.എസ്.എസ്. സംഘട്ടനത്തിന്റെ ഫലമായി മരണമടഞ്ഞവരുടെ കക്ഷിബന്ധം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 മേയ് 31 വരെ സംസ്ഥാനത്ത് 208 ആർ.എസ്.എസ്. സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി 11 പേർ മരണമടഞ്ഞിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് 203 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 178 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഡി.വൈ.എഫ്.ഐ. .. 1
ആർ.എസ്.എസ്. .. 5
സി.പി.എം. .. 3
തീരസംഘ് .. 2

ദുരൂഹ മരണങ്ങൾ

67 [68] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ അടുത്തകാലത്തുണ്ടായ ഏതാനും ദുരൂഹ മരണങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംശയാസ്പദമായ സാഹചര്യത്തിലുള്ള മരണങ്ങളും അജ്ഞാത മൃതദേഹങ്ങളും സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മങ്കട പഞ്ചായത്തിലെ ഒരു കിണറ്റിൽ അടുത്തടുത്ത സമയത്ത് രണ്ട് മൃതദേഹങ്ങൾ കണ്ട സംഭവം സംബന്ധിച്ച കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ഡി) ആദ്യം കൊല്ലപ്പെട്ട പുരുഷന്റെ കൊലപാതകം സംബന്ധിച്ച വിവരങ്ങൾ അറിയാം എന്നു പറഞ്ഞ് നടന്നിരുന്ന സ്ത്രീയുടെ മൃതദേഹമാണ് രണ്ടാമത് കണ്ടത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ മരണങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ക്രൈം 278/03 ചെക്കളി എന്ന വ്യക്തിയുടെ മരണം സംബന്ധിച്ചും ക്രൈം 300/03 കാളി എന്ന സ്ത്രീ മരണമടഞ്ഞതു സംബന്ധിച്ചുമാണ്. ക്രൈം 300/03 സംബന്ധമായ അന്വേഷണം പൂർത്തിയാക്കി. വെള്ളത്തിൽ മുങ്ങി ആത്മഹത്യ ചെയ്തു എന്ന റിപ്പോർട്ട് 31-5-2004-ന് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ക്രൈം 278/03 എന്ന നമ്പർ കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly